## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5033** **28/10/2016 ൽ മറുപടിയ്ക്ക്**

### പച്ചക്കറിക്ക് വിപണി കണ്ടെത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറി ഉത്പാദന വർദ്ധനവിനനുസരിച്ചുള്ള വിപണന സൗകര്യങ്ങൾ ലഭ്യമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) ഇല്ല. സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് ഇടത്തട്ടുകാരെ ഒഴിവാക്കി നേരിട്ട് സംഭരിച്ച് വിപണനം നടത്തി വരുന്നു. |
| (ബി) വിപണിയിൽ ഇതരസംസ്ഥാനത്തു നിന്നുള്ള പച്ചക്കറികൾ നിയന്ത്രണമില്ലാതെ വിപണനം ചെയ്യുന്നത് നാടൻ പച്ചക്കറികൾ കെട്ടിക്കിടക്കുന്നതിന് ഇടയാക്കുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ; | (ബി) & (സി) വിപണനത്തിനു വേണ്ടിയുള്ള വിളവ് എവിടെയുണ്ടെന്നു അറിയിപ്പ് ലഭിച്ചാലും അവിടെ നിന്നെല്ലാം ഹോർട്ടി കോർപ്പ് പച്ചക്കറികൾ നേരിട്ട് സംഭരിച്ച് വരുന്നു. |
| (സി) ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും ഈ സാഹചര്യം ഒഴിവാക്കുന്നതിന് കാര്യക്ഷമമായി ഇടപെടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഡി) നാടൻ പച്ചക്കറി കെട്ടികിടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സംസ്ഥാനത്തെ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് വിപണി കണ്ടെത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) ഈ ഓണക്കാലത്ത് കർഷകരോടുള്ള പ്രതിബദ്ധതയുടെ ഭാഗമായി പച്ചക്കറികൾ അമിതമായി ഉൽപ്പാദിപ്പിച്ച പല പ്രദേശങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് അവ സംഭരിച്ചു. ഇതിന്റെ ഫലമായി വിൽപ്പന നടത്താനാവാതെ കെട്ടിക്കിടന്ന അധിക സ്റ്റോക്ക് കേടായി പോവുന്നത് ഒഴിവാക്കാനായി കുറെയൊക്കെ അഗതി മന്ദിരങ്ങളിലും ആതുരാലയങ്ങളിലും സൗജന്യമായി നൽകുകയാണ് ചെയ്തത്. ഇത്തരം സ്ഥിതിവിശേഷം ഭാവിയിൽ ഒഴിവാക്കാനായി ശാസ്ത്രീയ പച്ചക്കറി വിള ആസൂത്രണ കലണ്ടർ (Crop Calender) തയ്യാറാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അതുപോലെ വിപണന ശൃംഖലയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**